**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3335** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചകതൊഴിലാളികളുടെ ശമ്പളകുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ പാചകതൊഴിലാളികളുടെ ശമ്പളവും അലവൻസും വൈകുന്നതും മറ്റ് ആനുകൂല്യങ്ങൾ ലഭിക്കാത്തതും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സ്കൂൾ പാചകതൊഴിലാളികളുടെ ഓണറേറിയം ഫണ്ടിന്റെ ലഭ്യതക്ക് വിധേയമായി സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിൽ ലഭ്യമാക്കുകയും തുടർന്ന് കാലതാമസം കൂടാതെ ഓണറേറിയം വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഉച്ചഭക്ഷണ പാചകതൊഴിലാളികൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | സ്കൂൾ പാചകതൊഴിലാളികളുടെ വേതന കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | സ്കൂൾ ഉച്ചഭക്ഷണ പാചകതൊഴിലാളികളുടെ 2023 -24 സാമ്പത്തിക വർഷത്തെ മുഴുവൻ ഓണറേറിയവും വിതരണം ചെയ്തിട്ടുണ്ട്. 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ അവധിക്കാല സമാശ്വാസം വിതരണം ചെയ്യുന്നതിനാവശ്യമായ 5.4240 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പുതിയ അധ്യയന വർഷത്തിൽ അവരുടെ ശമ്പളം സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | 2024 – 25 അധ്യയന വർഷത്തെ പാചകതൊഴിലാളികളുടെ ഓണറേറിയം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി 2024 ജൂൺ, ജൂലൈ മാസങ്ങളിലേക്കായി ആവശ്യമുള്ള തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ